**<u>15 -ാം കേരള നിയമസഭ</u>**

**<u>2 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5393</u>** **<u>12-08-2021 - ൽ മറുപടിയ്ക്ക്</u>**

**<u>സഹകരണ മേഖലയിലെ സാമ്പത്തിക ക്രമക്കേടുകൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി . ഉബൈദുള്ള ,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ. നജീബ് കാന്തപുരം** | | **Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ മേഖലയിൽ നടക്കുന്നതായി പറയപ്പെടുന്ന സാമ്പത്തിക ക്രമക്കേടുകൾ, പണാപഹരണം, വായ്പ തട്ടിപ്പുകൾ, സ്വർണ്ണപ്പണയ തട്ടിപ്പ് എന്നിവ നടത്തുന്നവരുടെ സ്ഥാവര ജംഗമ വസ്തുക്കൾ കണ്ടു കെട്ടുന്നതിനും നഷ്ടം അവരിൽ നിന്നു തന്നെ ഈടാക്കുന്നതിനും നിലവിലുള്ള നിയമം അനുവദിക്കുന്നുണ്ടോ; | (എ) | സഹകരണ മേഖലയിൽ നടക്കുന്നതായി പറയപ്പെടുന്ന സാമ്പത്തിക ക്രമക്കേടുകൾ, പണാപഹരണം, വായ്പാ തട്ടിപ്പുകൾ, സ്വർണ്ണ പണയ തട്ടിപ്പ് എന്നിവ നടത്തുന്നവരുടെ സ്ഥാവര-ജംഗമ വസ്തുക്കൾ കണ്ടുകെട്ടുന്നതിനും നഷ്ടം അവരിൽ നിന്നും തന്നെ ഈടാക്കുന്നതിനും, നിലവിൽ കേരള സഹകരണ സംഘം നിയമം വകുപ്പ് 68 (2) ചട്ടം 66 (7) (ii) (f) ലെ വ്യവസ്ഥ പ്രകാരം, ഏതെങ്കിലും കാരണത്താൽ ഉത്തരവാദപ്പെട്ട വ്യക്തി നിശ്ചിത സമയ പരിധിക്കുള്ളിൽ തുക അടയ്ക്കുന്നില്ലായെങ്കിൽ വിവരം രജിസ്ട്രാർക്ക് റിപ്പോർട്ട് ചെയ്യേണ്ടതും, രജിസ്ട്രാർ റവന്യൂ റിക്കവറി നിയമത്തിലെ വ്യവസ്ഥ പ്രകാരം ഈടാക്കേണ്ടതുമാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) | ഇക്കാര്യത്തിൽ സമഗ്രമായ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ; | (ബി) | സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ മികവുറ്റതാക്കാനും തട്ടിപ്പുകൾ കണ്ടെത്തി കുറ്റക്കാർക്ക് ശിക്ഷ ഉറപ്പ് വരുത്തി കുറ്റമറ്റതാക്കാനും സഹകരണ നിയമത്തിൽ കൂടുതൽ കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനുള്ള സമഗ്ര നിയമ ഭേദഗതി പരിഗണനയിലാണ്. |
| (സി) | സഹകരണ വിജിലൻസിന് അവർ കണ്ടെത്തുന്ന ക്രമക്കേടുകളിൽ ക്രിമിനൽ നടപടി സ്വീകരിക്കാനുള്ള അധികാരം നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ മികവുറ്റതാക്കാനും തട്ടിപ്പുകൾ കണ്ടെത്തി കുറ്റക്കാർക്ക് ശിക്ഷ ഉറപ്പ് വരുത്തി കുറ്റമറ്റതാക്കാനും സഹകരണ നിയമത്തിൽ കൂടുതൽ കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനുള്ള സമഗ്ര നിയമ ഭേദഗതി പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ